"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല- ആനക്കയം ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ ഹെഡ് ക്ലാർക്ക് - ശ്രീമതി. ഷീബ ജി.എസ്-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.221/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.03.2022ലെ എ2/3651/2021 നമ്പർ നടപടിക്രമം
2. ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.06.2022ലെ എ2/3651/2021 നമ്പർ നടപടിക്രമം
3. ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2022ലെ എ2/4889/2022 നമ്പർ നടപടിക്രമം
4. ശ്രീമതി.ഷീബ ജി എസ് സമർപ്പിച്ച 12.08.2025ലെ അവധി അപേക്ഷ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.09.2025ലെ LSGD/PD/3108/2023-DEB4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. ഷീബ ജി.എസ്.-നു 10.03.2022 മുതൽ 26.04.2023വരെ 413 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീമതി. ഷീബ ജി.എസ് 10.03.2022 മുതൽ 07.06.2022വരെ പരാമർശം (1) പ്രകാരവും 08.06.2022 മുതൽ 07.07.2022 വരെ പരാമർശം (2) പ്രകാരവും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും ടിയാൾ അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) -ഉം (2)-ഉം പരാമർശം (3) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നും ടിയാൾ 27.04.2023-ന് മുളക്കുളം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രണ്ടാം വൈദ്യ പരിശോധനാ റിപ്പോർട്ടിന്റെ

അഭാവത്തിൽ ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത ഉറപ്പിക്കാനാകാത്തതിനാൽ അപേക്ഷകക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാവില്ല എന്നിരുന്നാലും ശ്രീമതി.ഷീബ ജി എസ്-ന് 10.03.2022 മുതൽ 07.07.2022 വരെ മേലധികാരി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നു എന്നത് പരിഗണിച്ച് മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. ഷീബ ജി.എസ്.-നു 10.03.2022 മുതൽ 07.07.2022 വരെയുള്ള കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും 08.07.2022 മുതൽ 26.04.2023 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ എസ് ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം /കോട്ടയം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,ആനക്കയം /മുളക്കുളം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി. ഷീബ ജി.എസ് , മുൻഹെഡ് ക്ലർക്ക് , ആനക്കയം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (11.12.2025ലെ e-3300939/ഡെവ-1/230/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

8.ഡയറക്ടർ . ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.245/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 28-01-2026 11:14:59